**ഏതദു ഹൈ ഭഗവതോ വിഷ്ണോ: സർവദേവതാമയം രൂപമഹരഹ: സന്ധ്യായാം
പ്രയതോ വാഗ്യതോ നിരീക്ഷമാണ ഉപതിഷ്ഠേത നമോ ജ്യോതിർലോകായ
കാലായനായാ നിമിഷാം പതയേ മഹാപുരുഷായാഭിധീമഹീതി (5-23-8)
ഗൃഹർക്ഷതാരാമയമാധി ദൈവികം പാപാപഹം മന്ത്രകൃതാം ത്രികാലം
നമസ്യത: സ്മരതോ വാ ത്രികാലം നശ്യേത തത്കാലജമാശു പാപം (5-23-9)**

*ശുകമുനി തുടർന്നു:*
സപ്തർഷികൾക്ക് പതിമൂന്നുലക്ഷം യോജന അപ്പുറത്താണ് ധ്രുവനക്ഷത്രം. അവിടമാണ് ഭഗവാൻ വിഷ്ണുവിൻെറ ഇരിപ്പിടം. ധ്രുവൻ അവിടെയാണ് നിരന്തരം വസിക്കുന്നത്. ദേവതകളും സ്വർഗ്ഗവാസികളും ധ്രുവനെ ആരാധിക്കുന്നുണ്ടല്ലോ. എല്ലാ ജ്യോതിർഗോളങ്ങളും ഭഗവാനാൽ സ്വയം കാലചക്രത്തിൽ ഉറപ്പിച്ചു വെച്ചതുപോലെ ചുറ്റിത്തിരിഞ്ഞുകൊണ്ടേയിരിക്കുന്നു. അങ്ങിനെ ദ്രവ്യോർജ്ജനിർമ്മിതികളായ അസംഖ്യം ജീവജാലങ്ങൾക്ക് കർമ്മഫലമനുഭവിക്കുവാനും സ്വന്തം വിധിവിഹിതം നടപ്പിലാക്കുവാനും സാദ്ധ്യമാവുന്നു.

നക്ഷത്രങ്ങളും ജ്യോതിർഗോളങ്ങളുമെല്ലാം നിറഞ്ഞ ആകാശഗോളത്തെ തല താഴോട്ടാക്കി ചുരുണ്ടു കിടക്കുന്ന ഒരു കടൽപ്പന്നിയുടെ രൂപത്തിൽ ഭഗവാനായി സങ്കൽപ്പിച്ച് ധ്യാനിക്കാവുന്നതാണെന്ന് അറിവുള്ളവർ പറയുന്നു. വാലറ്റത്ത് ധ്രുവനക്ഷത്രം. വാലിൽത്തന്നെയാണ് കശ്യപൻ, അഗ്നി, ഇന്ദ്രൻ, ധർമ്മദേവൻ ഇവരെ പ്രതിനിധാനം ചെയ്യുന്ന നക്ഷത്രങ്ങൾ. വാലിൻെറ കടക്കൽ ധാതാവും വിധാതാവും. ഇടുപ്പുഭാഗത്ത് സപ്തർഷികൾ. കടൽപ്പന്നിയുടെ വലതുഭാഗത്ത് ഉത്തരാർദ്ധഗോളത്തിലെ പതിനാലു നക്ഷത്രങ്ങൾ. ദക്ഷിണാർദ്ധഗോളത്തിൽ മറ്റേ പതിനാലു നക്ഷത്രങ്ങളുടെ സമൂഹം. മുകളിലത്തെ താടിയെല്ല് ആഗസ്തി. താഴത്തേത് യമൻ. വായിൽ ചൊവ്വാഗ്രഹം. ജനനേന്ദ്രിയങ്ങളിൽ ശനിഗ്രഹം. പുറത്ത് വ്യാഴം. മാറിടത്തിൽ സൂര്യൻ. ഹൃദയത്തിൽ ഭഗവാൻ നാരായണൻ. മനസ്സിൽ ചന്ദ്രൻ. നാഭിപ്രദേശത്ത് ശുക്രൻ. മുലകളിൽ അശ്വിനീദേവതകൾ. ശ്വാസോഛ്വാസത്തിൽ ബുധൻ. കഴുത്തിൽ രാഹു. ശരീരം മുഴുവൻ കേതു. മറ്റെല്ലാ നക്ഷത്രങ്ങളും ഈ ദിവ്യനായ കടൽപ്പന്നിയുടെ മുടിയിൽ ഉറപ്പിച്ചിരിക്കുന്നു.

എല്ലാ സൂര്യോദയത്തിലും അസ്തമയത്തിലും ഭഗവാൻ വിഷ്ണുവിൻെറ ദിവ്യതാനിർഭരമായ ഈ രൂപത്തെ ധ്യാനിച്ച് ഇങ്ങിനെ പ്രാർത്ഥിക്കണം. "ദേവന്മാരുടെ ദൈവവും, കാലചക്രത്തിൻെറ വിധാതാവും പരമസത്വവും ആയ അങ്ങയെ ഞങ്ങൾ ധ്യാനിക്കുന്നു." ഈ പ്രാർത്ഥന ദിവസവും മൂന്നു തവണയെങ്കിലും ആവർത്തിക്കുന്നവർക്ക് സർവ്വപാപങ്ങളിൽനിന്നും മോചനം ലഭിക്കുന്നു. ഭഗവാൻെറ ഈ ദിവ്യരൂപം മനസ്സിൽവെച്ച് ധ്യാനം ചെയ്യുന്നവരുടെ പാപങ്ങളെല്ലാം ക്ഷണനേരം കൊണ്ട് തുടച്ചു മാറ്റപ്പെടുന്നു.

*(സമയത്തിൻെറ സങ്കൽപ്പം ഭൂമിയുടെ ചുറ്റലിനേയും സൗരയൂഥത്തിൻെറ സംക്രമണത്തിനേയും ആശ്രയിച്ചാണല്ലോ ഉള്ളത്. ഈ ക്രമങ്ങളെല്ലാം ഭഗവൽനിയന്ത്രിതവും അവിടത്തെ പരമബോധത്തിൽ നിന്നുളവായതുമാണ്)*